**വരേണ്യഭക്തന്മാർക്ക് മാത്രമായി ഗുരുവായൂരിൽ വരാൻ പോകുന്ന വിമാനത്താവളം കുടിയൊഴിപ്പിക്കലും പാരിസ്ഥിതിക ദുരന്തവും ക്ഷണിച്ചുവരുത്തുകയാണെന്ന്**

**സി.എഫ്. ജോർജ്ജ്**

# ഗുരുവായൂരിൽ പറന്നിറങ്ങാൻ പോകുന്നവരുടെ ശ്രദ്ധയ്ക്ക്

**ഗുരുവായൂർ** ക്ഷേത്രത്തിന്റെ പേര് പറഞ്ഞ് ഒട്ടനവധി ജനദ്രോഹകരവും പരിസ്ഥിതിയെ നശിപ്പിക്കുന്നതുമായ പ്രവർത്തനങ്ങൾ ഗുരുവായൂരിലും സമീപ പ്രദേശങ്ങളിലും നടക്കുന്നുണ്ട്. അതിൽ ഏറ്റവും പുതിയ പ്രശ്നമാണ് ഗുരുവായൂർ വിമാനത്താവളം. ക്ഷേത്രത്തിന്റെ പേര് പറഞ്ഞാണ് ഗുരുവായൂരിൽ വിമാനത്താവളം കൊണ്ടുവരാനുള്ള ശ്രമം നടക്കുന്നത്. പി.സി. ചാക്കോ എം.പിയാണ് താത്പര്യമെടുത്തിരിക്കുന്നത്. വിമാനത്താവളം എന്ന് കേട്ടതോടെ എല്ലാവിധ രാഷ്ട്രീയ പാർട്ടികളും രംഗത്തെത്തി. എന്താണ് ഗുരുവായൂരിൽ വിമാനത്താവളം വരേണ്ടതിന്റെ ആവശ്യം? ആർക്കാണ് വിമാനത്താവളം കൊണ്ട് ഉപകാരമുണ്ടാകാൻ പോകുന്നത്. ഗുരുവായൂരിലെത്തുന്ന ഭക്തന്മാരുടെ സൗകര്യാർത്ഥമാണ് വിമാനത്താവളം നിർമ്മിക്കുന്നതെന്നാണ് അധികൃതർ ഇപ്പോൾ പറയുന്നത്. വിമാനത്തിൽ വരാൻ കഴിയുന്ന എത്ര ഭക്തന്മാരാണ് ഇപ്പോൾ ഗുരുവായൂർ ക്ഷേത്രത്തിൽ എത്തുന്നത്. ഒരു ശതമാനം പോലും വരില്ല അവരുടെ എണ്ണം. ഗുരുവായൂരിൽ എത്താൻ നിലവിൽ എന്തെങ്കിലും അസൗകര്യമുണ്ടോ? അതുമില്ല. റോഡ്, റെയിൽ ഗതാഗതം ആവശ്യത്തിനുണ്ട്. വടക്കുഭാഗത്ത് മുഖ്യ റെയിൽപാതയുമായി ഗുരുവായൂരിനെ ബന്ധിപ്പിക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്.

സൗജന്യമായി വിമാന സർവ്വീസ് ഉപയോഗിക്കാൻ കഴിയുന്നവരാണ് വിമാനത്തിൽ അധികവും ഗുരുവായൂരിലേക്ക് എത്താൻ പോകുന്നത്. ഉയർന്ന ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർ അക്കൂട്ടത്തിൽപ്പെടും. പിന്നെ എം.പിമാർക്ക് വരാൻ കഴിയും. പണം കൊടുത്ത് വരാൻ കഴിയുന്ന ഒരു വിഭാഗം ആളുകളുമുണ്ട്. അംബാനിമാരും മല്ല്യമാരുമാണ് അക്കൂട്ടത്തിലുള്ളത്. ഇവരൊക്കെ വിമാനത്തിൽ ഗുരുവായൂർ ക്ഷേത്ര ദർശനത്തിനെത്തിയേക്കാം. അത്തരത്തിൽ വരേണ്യഭക്തന്മാർക്ക് വേണ്ടിയാണ് ഗുരുവായൂരിൽ വിമാനത്താവളം പണിയുന്നത്.

സാധാരണ ജനങ്ങൾക്ക് ഉപകാരമാവില്ല എന്നതിനേക്കാൾ വലിയ ദ്രോഹങ്ങളാണ് വിമാനത്താവളം കൊണ്ട് ഉണ്ടാകാൻ പോകുന്നത്. ഇപ്പോൾ വിമാനത്താവളത്തിനായി സ്ഥലം കണ്ടിരിക്കുന്നത് കണ്ടാണിശ്ശേരിയിലും ചാവക്കാട് ദ്വാരക കടപ്പുറത്തുമാണ്. എവിടെയായാലും പരന്ന ഭൂമിവേണം. കണ്ടാണിശ്ശേരിയിൽ വിമാനത്താവളത്തിനായി നോക്കിയ സ്ഥലം വയലാണ്. ദ്വാരക ബീച്ചിലുള്ളത് കടപ്പുറവും. 400 ഏക്കർ ഭൂമിയാണ് ഇപ്പോൾ അവർ പറയുന്നത്. 400 ഏക്കർ ഭൂമി നിരപ്പാ

ക്കിയെടുക്കാൻ എത്ര കുന്നിടിക്കേണ്ടിവരും. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് എല്ലാവരും സംസാരിക്കുന്ന കാലമാണിത്. എന്നിട്ടും സാധാരണക്കാരന് ആവശ്യമില്ലാത്ത ഒരു വിമാനത്താവളം ഗുരുവായൂരിൽ കൊണ്ടുവരുമ്പോൾ പരിസ്ഥിതി മറന്ന് എല്ലാവരും വിമാനത്താവളത്തിന്റെ പക്ഷം പിടിക്കുന്നു. വിമാനത്താവളത്തിനായി കണ്ട സ്ഥലങ്ങളെല്ലാം ജനവാസ കേന്ദ്രങ്ങളാണ്. നേരിട്ടും അല്ലാതെയും അവർ കുടിയൊഴിപ്പിക്കപ്പെട്ടു. മൂലമ്പിള്ളിയിൽ സംഭവിച്ചതെന്തോ അത് ഗുരുവായൂരിൽ സംഭവിക്കാൻ പോകുന്നു. സ്ഥലത്തിന് നല്ല വിലകിട്ടിയാൽ ഒഴിഞ്ഞുകൊടുക്കാൻ തയ്യാറാകുന്നവരുണ്ടാകും. അറിവില്ലായ്മകൊണ്ട് സ്വന്തം ഇഷ്ടപ്രകാരം വാസസ്ഥലങ്ങളിൽ നിന്നും വേരറ്റുപോകുന്നവർ പിന്നീട് ദുരിതപൂർണ്ണമായ ജീവിതം തുടരുന്നതായാണ് ചരിത്രത്തിൽ കാണാൻ കഴിയുന്നത്.

വയൽ നികത്തിയുള്ള സ്ഥലമാണ് മറ്റൊന്ന്. അത് നികത്തിയെടുക്കാൻ വേണ്ടിയും കുന്നിടിക്കേണ്ടി വരും. കൃഷി നടക്കുന്ന സ്ഥലം തന്നെയാണ് അത്.

മൂന്നാമത്തെ സ്ഥലം ദ്വാരക ബീച്ചാണ്. അവിടേയും വലിയ അളവിൽ മണ്ണിട്ട് നികത്തിയെടുക്കേണ്ടിവരും. രണ്ടോ മൂന്നോ കുന്നുകൾ അതിനായി ഇടിച്ച് നിരത്തേണ്ടിവരും. 400 ഏക്കർ ഭൂമി നികത്തിയെടുത്താലും പ്രശ്നങ്ങൾ അവസാനിക്കില്ല. പിന്നെ അവിടേക്ക് റോഡ് വേണ്ടിവരും. റോഡിനെപ്പറ്റി ഇപ്പോൾ ആരും ഒന്നും മിണ്ടുന്നില്ല. കിനാലൂരിൽ സംഭവിച്ചത് അതാണ്.

ഇപ്പോൾ പറയുന്ന 400 ഏക്കർ വിമാനത്താവളം വലിയ വിമാനങ്ങൾക്ക് ഇറങ്ങാൻ കഴിയുന്ന തരത്തിലുള്ളതല്ല. വലിയ വിമാനത്താവളങ്ങൾക്ക് 2000 ഏക്കറാണ് വേണ്ടിവരുന്നത്. അത്തരത്തിൽ വികസിപ്പിക്കാൻ തീരുമാനമെടുക്കുകയാണെങ്കിൽ വീണ്ടും സ്ഥലമെടുക്കേണ്ടിവരും. വിമാനത്താവളത്തെ ചുറ്റിപ്പറ്റി 10–15 വർഷം ജീവിച്ചവരാണ് അപ്പോൾ വീണ്ടും കുടിയൊഴിപ്പിക്കപ്പെടുന്നത്.



**മൂലമ്പിള്ളിയിൽ സംഭവിച്ചതെന്തോ അത് ഗുരുവായൂരിൽ സംഭവിക്കാൻ പോകുന്നു. സ്ഥലത്തിന് നല്ല വിലകിട്ടിയാൽ ഒഴിഞ്ഞുകൊടുക്കാൻ തയ്യാറാകുന്നവരുണ്ടാകും. അറിവില്ലായ്മ കൊണ്ട് സ്വന്തം ഇഷ്ടപ്രകാരം വാസസ്ഥലങ്ങളിൽ നിന്നും വേരറ്റുപോകുന്നവർ പിന്നീട് ദുരിതപൂർണ്ണമായ ജീവിതം തുടരുന്നതായാണ് ചരിത്രത്തിൽ കാണാൻ കഴിയുന്നത്**

ഇപ്പോൾ നമ്മുടെ നാട്ടിൽ വികസനം നടക്കുന്നത് ആ രീതിയിലാണ്.

ഗുരുവായൂരിന്റെ പേരിൽ എന്തെങ്കിലും പ്രശ്നം പറഞ്ഞാൽ റിപ്പോർട്ട് ചെയ്യാൻ നമ്മുടെ ചില പത്രങ്ങൾക്ക് പേടിയാണ്. ചക്കംകണ്ടത്തിന്റെ കാര്യത്തിൽ സംഭവിച്ചത് അതാണ്. ഞങ്ങൾ കൊടുത്ത പല വാർത്തകളും ഗുരുവായൂർ ക്ഷേത്രത്തിനെതിരാണെന്ന് പറഞ്ഞ് പത്രങ്ങൾ തമസ്കരിച്ചു. അമ്പലത്തിന് എതിരായി ഞങ്ങൾ ഒന്നും പറഞ്ഞില്ല. ക്ലീൻ ഗുരുവായൂരിനായി കൂട്ടത്തോടെ യത്നിക്കണമെന്ന് ചക്കംകണ്ടത്തുകാർ പറഞ്ഞാലും ഗുരുവായൂർ ക്ഷേത്രത്തിന് എതിരാണെന്ന് പറഞ്ഞ് തമസ്കരിക്കപ്പെടും. ദേവസ്വംബോർഡ് ചെയ്യേണ്ട പല കാര്യങ്ങളും അവർ ചെയ്യുന്നില്ല എന്ന് പറയേണ്ടിവരും. ഗുരുവായൂർ ക്ഷേത്രക്കുളത്തിൽ അനുവദനീയമായ തോതിനേക്കാൾ അധികം കോളിഫാം ബാക്ടീരിയകൾ ഉണ്ടെന്നത് പരീക്ഷണങ്ങളിൽ തെളിഞ്ഞതാണ്. ഇത് റിപ്പോർട്ട് ചെയ്യാൻ പല പത്രങ്ങളുടെയും ഗുരുവായൂർ ലേഖകന്മാർ തയ്യാറില്ല. ലോഡ്ജ് ഹോട്ടൽ ഉടകൾ, ഫ്ളാറ്റുകൾ ഉണ്ടാക്കി വിൽക്കുന്നവർ, രാഷ്ട്രീയക്കാർ (ഇടത്- വലത് വ്യത്യാസമില്ലതെ) എന്നിവരാണ് ഇത്തരം വാർത്തകൾ തമസ്കരിക്കപ്പെടുന്നതിന്റെയും ഗുരുവായൂരിനെ തകർക്കാൻ ചില അദൃശക്തികൾ പ്രവർത്തിക്കുന്നു എന്ന ക്യാമ്പയിന്റെയും പിന്നിലുള്ളത്. ലോഡ്ജുകളും ഹോട്ടലുകളും കൂടുതലുള്ളതിനാൽ പല രാഷ്ട്രീയ പാർട്ടികളുടെയും സംഘടനകളുടെയും മീറ്റിംഗുകൾ പലതും ജില്ലാ ആസ്ഥാനമായ തൃശൂരിൽ നടക്കുന്നതിനേക്കാൾ കൂടുതൽ ഗുരുവായൂരിലാണ് നടക്കുന്നത്. ഭരിക്കുന്ന കക്ഷിയുടെ സംഘടനയുടെ യോഗമാണ് നടക്കുന്നതെങ്കിൽ ലോഡ്ജ് ഉടമകൾ വാടകയില്ലാതെ മുറി നൽകു. പ്രതിപക്ഷ കക്ഷിയാണെങ്കിൽ വാടക കുറച്ച് നൽകും. അതുകൊണ്ട് രാഷ്ട്രീയ കക്ഷികളെല്ലാം ഹോട്ടലുടമകളോട് കൂറുവച്ചു പുലർത്തുന്നുണ്ട്. സ്റ്റാർ വാല്യു ഉള്ള നിരവധി ഹോട്ടലുകൾ ഗുരുവായൂരിൽ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ഗുരുവായൂരിലെ വലിയൊരു വ്യവസായമാണ് ഫ്ളാറ്റുകൾ. ഇവരുടെ താത്പര്യത്തിന് അപ്പുറത്തേക്ക് ആരും ചലിക്കാത്ത അവസ്ഥയാണ് ഇന്ന് ഗുരുവായൂരിലുള്ളത്. പത്രങ്ങളുടെ ഒരു പ്രധാന വരുമാനമാർഗ്ഗം ഇവരുടെ പരസ്യങ്ങളാണ്. ശാന്തിമഠം ബിൽഡേഴ്സ് എല്ലാം അതിന്റെ മുഖ്യ ഉദാഹരണമാണ്.

വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന്റെ പ്രശ്നം കാരണം വിമാനത്താവളത്തിന്റെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞുള്ള പ്രതിഷേധങ്ങൾക്ക് ഗുരുവായൂരിൽ സാധ്യത കുറവാണ്. വിമാനത്താവളത്തിന്റെ പ്രശ്നങ്ങൾ പരസ്യമായി പറയുന്നവരെ വികസന വിരുദ്ധരാണെന്ന് പറഞ്ഞ് ഒറ്റപ്പെടുത്താനും സാധ്യതയുണ്ട്. എന്നാലും ഇത് പറഞ്ഞുകൊണ്ടിരിക്കാൻ തന്നെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. സമാനമായ ദുരിതം അനുഭവിച്ചവരേയും ഇത്തരം സംഭവങ്ങളുടെ വാസ്തവം തിരിച്ചറിഞ്ഞ് പ്രതിഷേധത്തിനിറങ്ങിയവരേയും ഗുരുവായൂരിൽ കൊണ്ടുവന്ന് അവരുടെ അനുഭവങ്ങൾ വിവരിക്കുകയാണ് ചെയ്യാൻ കഴിയുന്ന ഫലപ്രദമായ കാര്യം.